ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായ സഹായങ്ങൾ നൽകുന്നതിന് അടിയന്തരമായിട്ടുള്ള പദ്ധതി പ്രഖ്യാപിക്കുമോ ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഓരോ പാടശേഖരവും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവ വിജയകരമായി പൂർത്തിയാക്കുന്നവരെ അഭിനന്ദിക്കാനും അവർക്ക് അവാർഡ് നൽകാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനം നടപ്പാക്കുന്നതാണ്.

വൈദ്യുതി നിലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

3 (*423) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വൈദ്യുതി നിലയങ്ങൾക്ക് സുരക്ഷാ ഭീഷണി ഉള്ളതായി കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ ;

(സി) പ്രധാന ജലവൈദ്യുതി നിലയങ്ങളിലെ സുരക്ഷാ ക്രമീകരണം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) ജലവൈദ്യുത പദ്ധതികളിൽ, സന്ദർശകർക്കുള്ള പ്രവേശനത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് വൈദ്യുതി ബോർഡിൽ ഐ.ജി. റാങ്കിലുള്ള ഒരു ചീഫ് വിജിലൻസ് ഓഫീസറും ഒരു പോലീസ് സൂപ്രണ്ട്, 2 ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാർ എന്നിവരടങ്ങുന്ന പോലീസ് സംവിധാനം പ്രവർത്തിച്ചുവരുന്നു. സുരക്ഷ ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് സൂപ്രണ്ടും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരും സമയാസമയങ്ങളിൽ പ്രധാനപ്പെട്ട ഡാമുകളും വൈദ്യുതി നിലയങ്ങളും സന്ദർശിച്ച് സുരക്ഷാ നടപടികൾ വിലയിരുത്തിവരുന്നു.

എല്ലാ പദ്ധതി പ്രദേശങ്ങളിലും ആവശ്യത്തിന് വെളിച്ചം കിട്ടുന്ന വിധത്തിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലയങ്ങൾക്ക് മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി നിലയങ്ങളുടെ പരിസരവും മറ്റും കാടും പടർപ്പും വെട്ടിമാറ്റി വൃത്തിയായി സൂക്ഷിച്ചുവരുന്നു.

പ്രധാന ഡാമുകളുടെ സുരക്ഷയ്ക്കായി ഡാം സെക്യൂരിറ്റി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി നിലയങ്ങളിലേക്ക് വരുന്ന സന്ദർശകരെയും വാഹനങ്ങളെയും കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 29 ചെറുകിട അണക്കെട്ടുകളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട സമഗ്ര പഠനത്തിനായി എ.ഡി.ജി.പി. (ഇന്റലിജൻസ്) ചെയർമാനായും വൈദ്യുതി ബോർഡിലെ ചീഫ് വിജിലൻസ് ഓഫീസർ, ചീഫ് എഞ്ചിനീയർ (ഡാം സുരക്ഷ), മുഖ്യ വനപാലകൻ (സുരക്ഷിതത്വം) എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 2010 മേയിൽ വൈദ്യുതി ബോർഡ് സെക്യൂരിറ്റി അവയർനസ് വീക്ക് സംഘടിപ്പിക്കുകയും സുരക്ഷ സംബന്ധിച്ച് ജീവനക്കാർക്കിടയിൽ നല്ല അവബോധം സൃഷ്ടിക്കുകയും ചെയ്തു.

(ബി) നൽകിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഏർപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി, മൂഴിയാർ പവർ ഹൗസുകളിൽ പൊതുജനങ്ങൾക്ക് പ്രവേശനം നൽകുന്നില്ല. മറ്റു നിലയങ്ങളിൽ നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ സന്ദർശകരെ അനുവദിക്കുന്നുള്ളൂ. സന്ദർശകരുടെ അഡ്രസ്സും തിരിച്ചറിയൽ രേഖകളും പരിശോധിച്ച് മാത്രമാണ് പ്രവേശനം നൽകുന്നത്. ഒരേ സമയം സന്ദർശനം അനുവദിക്കുന്നവരുടെ എണ്ണം നിയന്ത്രിച്ചിട്ടുണ്ട്. സന്ദർശകരുടെ സുരക്ഷിതത്വം ഉറപ്പുള്ള സ്ഥലങ്ങളിൽ മാത്രമേ പ്രവേശിപ്പിക്കാറുള്ളൂ. വലിയ ഡാമുകളായ ചെറുതോണി, ഇടുക്കി എന്നിവ സന്ദർശിക്കുന്നതിനുള്ള അനുമതി ചീഫ് എഞ്ചിനീയർ (ഡാം സേഫ്റ്റി) യുടെ ഓഫീസിൽ പരിശോധനകൾക്ക് വിധേയമായാണ് നൽകുന്നത്. അനുമതിയിൽ ഡാമിൽ സന്ദർശിക്കാവുന്ന സ്ഥലങ്ങൾ പ്രത്യേകമായി നിഷ്കർഷിക്കാറുണ്ട്. സന്ദർശകരെ ഡാമിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സുരക്ഷാ ഉദ്യോഗസ്ഥൻമാർ പരിശോധിക്കാറുണ്ട്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, വൈദ്യുതി നിലയങ്ങളുടെ സുരക്ഷയുമായി ബന്ധപ്പെട്ട ടെക്നോളജിയിൽ അടുത്ത കാലത്ത് വലിയ നിലയ്ക്കുള്ള വികാസമുണ്ടായിട്ടുണ്ട്. ടെക്നോളജി അപ്ഗ്രഡേഷന്റെ രംഗത്ത് കെ.എസ്.ഇ.ബി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? അതോടൊപ്പംതന്നെ സുരക്ഷക്ക് വളരെ പ്രധാനപ്പെട്ട ഒന്നാണ് early maintenance. ഈ കാര്യം കൃത്യമായി നടത്താൻ കെ.എസ്.ഇ.ബി. ശ്രദ്ധിക്കുന്നുണ്ടോ ?

ശ്രീ. എ. കെ. ബാലൻ: സർ, ഡാം സേഫ്റ്റിയുമായി ബന്ധപ്പെട്ടു കൊണ്ട് രണ്ട് വിങ്ങുകളാണ് പ്രവർത്തിക്കുന്നത്. ഒന്ന്, ടെക്നിക്കൽ വിങ്ങ്. അതിൽ ചീഫ് എഞ്ചിനീയർ ഡാം സേഫ്റ്റി, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മൂന്ന് ഡിവിഷൻ, ഏഴ് സബ് ഡിവിഷൻ ഇത് അടങ്ങുന്ന 123 സ്റ്റാഫാണ് ഒരു ഭാഗത്തുള്ളത്. മറ്റൊന്ന്, സെക്യൂരിറ്റി വിങ്ങാണ്. അതിൽ 64 സ്റ്റാഫ് ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത് ഐ.ജി, എസ്.പി, 2 ഡിവൈ.എസ്.പി, 4 ഹെഡ് കോൺസ്റ്റബിൾമാർ, 52 പോലീസുകാർ. സെക്യൂരിറ്റി റിങ്ങിന്റെയും ടെക്നിക്കൽ റിങ്ങിന്റെയും യോജിച്ച പ്രവർത്തനമാണ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് നടക്കുന്നത്.

ശ്രീ. എം. ചന്ദ്രൻ : സർ, സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങൾക്ക് ഏതെങ്കിലും ഭീകര സംഘടനകളിൽനിന്നും ഭീഷണിയുള്ളതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽത്തന്നെ ഏത് ഭീകര സംഘടനയിൽനിന്നാണ് അത്തരത്തിലുള്ള ഭീഷണിയുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? അതേസമയം ഹൈഡൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള വ്യാപകമായ നടപടികൾ ഗവൺമെന്റ് എടുത്തുവരുന്ന ഈ സന്ദർഭത്തിൽ സുരക്ഷാ ഭീഷണി ഹൈഡൽ ടൂറിസം പ്രവർത്തനത്തെ ബാധിക്കുമോ ? അതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. എ. കെ. ബാലൻ : സർ, ഇതിൽ ഇന്റലിജൻസ് ബ്യൂറോ, മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ്, ഗവൺമെന്റ് ഓഫ് ഇൻഡ്യ എന്നീ തലത്തിലുള്ള ഒരു റിപ്പോർട്ട് പ്രകാരം ചില സംഘടനകളിൽനിന്നുള്ള ഭീഷണി റോളൗട്ട് ചെയ്യാൻ സാധിക്കുകയില്ല, അതുകൊണ്ട് കർശനമായിട്ടുള്ള ചില പരിശോധനകൾ നടത്തേണ്ടതുണ്ടെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഇതിൽ എൽ.ടി.ടി.ഇ., മുസ്ലീം ഫണ്ടമെന്റലിസ്റ്റ് ഓർഗനൈസേഷൻസ് എന്നീ രണ്ട് സംഘടനകളെ സംബന്ധിച്ചാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവത്തിൽ പരിശോധന നടത്തി ഡാം സേഫ്റ്റി ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സുരക്ഷാ ഏർപ്പാടുകളും നടത്തിയിട്ടുണ്ട്. ഹൈഡൽ ടൂറിസം വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നതാണ്.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡാം സേഫ്റ്റി മേഖലയിൽ പുതിയ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ എത്ര തസ്തികകൾ ഈ ഇനത്തിൽ സൃഷ്ടിച്ചിട്ടുണ്ട് ?

ശ്രീ. എ. കെ. ബാലൻ : സർ, നിലവിൽ രണ്ട് ഡിവിഷനാണ് ഉണ്ടായിരുന്നത്. ഇപ്പോൾ ഒരു ഡിവിഷൻകൂടി നമ്മൾ കൂട്ടിച്ചേർത്തു. അങ്ങനെ മൂന്ന് ഡിവിഷനാണുള്ളത്. അഞ്ച് സബ് ഡിവിഷനാണ് ഉണ്ടായിരുന്നത്. അത് ഏഴ് സബ് ഡിവിഷനാക്കി 29 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ കക്കാട്, ഇടമലയാർ, ഇടുക്കി എന്നീ മൂന്ന് ഡിവിഷനുകളാണ് പ്രവർത്തിക്കുന്നത്.

ശ്രീ. എം. ജെ. ജേക്കബ്: സർ, വൈദ്യുതി നിലയങ്ങളുടെ സുരക്ഷ ബാഹ്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണ് പഴയ നിലയങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ പഴയ പദ്ധതികളുടെ നവീകരണവുമായി ബന്ധപ്പെട്ടുകൊണ്ട് 87 കോടി രൂപയുടെ സാമ്പത്തിക സഹായമാണ്

LIBRARY ARCHIVES Kerala Legislative Assembly

വേൾഡ് ബാങ്ക് നൽകാനുദ്ദേശിക്കുന്നത്. DRIP (Dam Rehabilitation and Improvement Project) എന്നാണ് ആ സ്കീമിന് പറയുന്നത്. ഇടുക്കി, ശബരിഗിരി, ഇടമലയാർ, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, പെരിങ്ങൽകുത്ത്, ഷോളയാർ, കുറ്റ്യാടി, ലോവർ പെരിയാർ, കക്കാട് തുടങ്ങി 12 പ്രോജക്ടുകളാണ് അതിൽ എടുത്തിട്ടുള്ളത്, 25 വർഷംകൊണ്ടാണ് നമ്മൾ കാശ് തിരിച്ചടയ്ക്കേണ്ടത്. പോയിന്റ് എട്ട് ശതമാനം പലിശയ്ക്കാണ് കിട്ടുക. അതിന്റെ ടെൻഡർ ഡോക്യുമെന്റുകൾ ഇപ്പോൾ തയ്യാറാക്കുകയാണ്. സ്വാഭാവികമായും 12 ഡാമുകളും നമുക്ക് നവീകരിക്കാൻ പറ്റും.

ശ്രീ. എ. എ. ഷുക്കൂർ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവുവിളക്കുകൾ തെളിയിക്കുന്നതിനായി അവർ ഉപയോഗിക്കുന്ന വൈദ്യുതിയുടെതന്നെ പണം അടപ്പിക്കുന്നതിനുള്ള നടപടികൾക്കായി എന്തെങ്കിലും സംവിധാനം സർക്കാർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് പ്രത്യേക മീറ്റർ വയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. എത്രയാണോ നമ്മൾ വൈദ്യുതി കൊടുക്കുന്നത് ആ വൈദ്യുതിക്ക് മാത്രമേ ചാർജ് ഈടാക്കാവൂ. ഇപ്പോൾ ഒരു ഫ്ളാറ്റ് റേറ്റിലാണ് വാങ്ങുന്നത്. അത് ഒഴിവാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ഹൈഡലുമായി ബന്ധപ്പെട്ട് നല്ല നിലയിൽ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന കുറേയേറെ ജീവനക്കാരുമുണ്ട്. അവരുടെ തൊഴിൽ ഉറപ്പുവരുത്തുകയും അതുപോലെ കുറേക്കൂടി മെച്ചപ്പെട്ട നിലയിൽ വിനോദസഞ്ചാര മേഖലയിലെ സേവനം നടത്തുവാൻ ബോർഡും ഹൈഡലുമായി ഒരുമിച്ചുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ഇത് സംബന്ധിച്ച് ആലോചിക്കുന്നുണ്ട്. ടെമ്പററിയായിട്ടുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ വന്നിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്ത് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഏജൻസികളും സ്ഥാപനങ്ങളും

4 (*424) ശ്രീ. സാജു പോൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഏജൻസികളും സ്ഥാപനങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly